(ഡി) തൻമൂലം ഭരണത്തിൽ വരാനിടയുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. ഭരണത്തിന് വേഗത കൈവരുത്തുന്നതിന്റെ ഭാഗമായി ഈ വർഷം ജി.ഒ. (പി)52/2002/ഉഭപവ തീയതി 7-12-2002 ഉത്തരവ് പ്രകാരം 2003 ജനുവരിയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഒരു തീവ്രയത്നപരിപാടി നടപ്പാക്കി ജില്ലാ താലൂക്ക്, വില്ലേജ് തലങ്ങളിൽ ഫയൽ തീർപ്പാക്കൽ മാസം ആചരിക്കുകയുണ്ടായി. ഈ കാലയളവിൽ വിവിധ വകുപ്പുകളിൽ കെട്ടിക്കിടന്ന ഫയലുകളിൽ അടിയന്തിര നടപടി സ്വീകരിച്ച് തീർപ്പു കൽപ്പിക്കാവുന്നിടത്തോളം ഫയലുകൾ തീർപ്പു കൽപ്പിക്കുവാൻ കഴിഞ്ഞു.

(സി, ഡി) ഇപ്പോൾ സംസ്ഥാനത്തുള്ള എല്ലാ ആഫീസുകളുടെയും പ്രവർത്തനം മാസ്സ്ത്തിലൊരിക്കൽ അവലോകനം നടത്തുകയും ആവശ്യമായ നടപടികൾ നിർദ്ദേശിച്ച് അവലോകന റിപ്പോർട്ട് എല്ലാ വകുപ്പു തലവൻമാർക്കും അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഫയലുകൾ സമയബന്ധിതമായി തീർക്കുന്നതിനായി സെക്രട്ടേറിയറ്റിൽ ലവൽജംബിംഗിനും ഫയൽ പ്രയാണത്തിന് സമയപരിധി നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വികസന നയം

2 [5805] ഡോ. തോമസ് ഐസക്:

ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള വികസന നയം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വികസന രംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വികസന കാര്യത്തിൽ പ്രതിപക്ഷ സഹകരണം ഉറപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി പ്രതിപക്ഷ സഹകരണം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) 2001-02, 2002-03 എന്നീ വർഷങ്ങളിൽ വികസനത്തിനായി എന്തു തുക വീതം ചെലവഴിച്ചു;

(എഫ്) ഇതിനായി പ്രസ്തുത വർഷങ്ങളിൽ ബഡ്ജറ്റുകളിൽ നീക്കിവച്ച തുക എത്ര വീതമായിരുന്നു;

(ജി) ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സമ്പദ്ഘടനയുടെ വ്യത്യസ്ത മേഖലകളിൽ ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രധാന വികസന ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാവശ്യമായ മുതൽമുടക്ക് ആകർഷിക്കുന്നതിനുതകുന്ന നയപരിപാടികളാണ് വികസന രംഗത്ത് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാരം, വിവരസാങ്കേതിക വിദ്യ, വ്യവസായം, ശാസ്ത്ര സാങ്കേതിക സേവനങ്ങൾ, തൊഴിൽ തുടങ്ങിയ പ്രധാനപ്പെട്ട മേഖലകൾക്കുള്ള വികസന നയ രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നീർത്തട വികസനത്തിലൂടെയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനത്തിലൂടെയും അവ കയറ്റുമതി ചെയ്യുന്നതിനുള്ള ഒരു 'അഗ്രി എക്സ്പോർട്ട് സോൺ' സ്ഥാപിച്ചുകൊണ്ടും കാർഷിക മേഖലയുടെ വികസനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്തും സാമൂഹ്യ സുരക്ഷാ രംഗത്തും പാവപ്പെട്ടവരിൽ ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നുണ്ട്.

വികസന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുവേണ്ട നിയമപരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു നിയമ പരിഷ്കാര സമിതി രൂപീകരിക്കുകയും അതിന്റെ ശുപാർശകൾ നടപ്പാക്കി തുടങ്ങുകയും ചെയ്തു.

വികസന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ കാര്യശേഷി വികസനം ലക്ഷ്യമാക്കിയുള്ള ഭരണ നവീകരണ പരിപാടി നടപ്പാക്കിവരുന്നു.

ചുരുക്കത്തിൽ, കേരളം വിവിധ വികസന മേഖലകളിൽ ഇതിനകം കൈവരിച്ച നേട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും അതുവഴി സംസ്ഥാനത്തെ വികസന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളുടെ മുൻപന്തിയിലെത്തിക്കുകയും ചെയ്യുകയെന്നതാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള വികസന നയം.

(ബി) വികസന രംഗത്ത് കൈക്കൊണ്ട നടപടികളും പ്രധാന നേട്ടങ്ങളും ചുവടെ ചേർത്തിരിക്കുന്നു:

ഏറ്റവുമൊടുവിൽ ലഭിച്ച കണക്കുകളനുസരിച്ച് സംസ്ഥാനത്തെ സാമ്പത്തിക വളർച്ചാനിരക്ക് 2000-2001-ൽ 2.6 ശതമാനമായിരുന്നു. ഇത് താൽക്കാലിക കണക്കുകൾ പ്രകാരം 2001-2002-ൽ 3.9 ശതമാനമായും 2002-2003-ൽ 5.6 ശതമാനമായും ഉയർന്നു.

വ്യവസായമുൾപ്പെടെയുള്ള ദ്വിതീയ മേഖലയിൽ 2002-03 വർഷം താൽക്കാലിക കണക്കനുസരിച്ച് 4.3 ശതമാനത്തിന്റേയും ഗതാഗതം തുടങ്ങിയവയുൾപ്പെടെയുള്ള തൃതീയ മേഖലയിൽ 9.7 ശതമാനത്തിന്റേയും വളർച്ചയുണ്ടായി.

വിവിധ വികസന മേഖലകളിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി ഒരു ആഗോള നിക്ഷേപ സംഗമം സംഘടിപ്പിച്ചു. ഇതിന്റെ ഫലമായി 11,159 കോടി രൂപ മുതൽമുടക്കുള്ള 96 പ്രോജക്ടുകൾക്ക് ധാരണാപത്രം ഒപ്പുവയ്ക്കപ്പെട്ടു. സംസ്ഥാനത്തെ വായ്പാനിക്ഷേപാനുപാതം 2003 മാർച്ച് അവസാനത്തോടെ 45.47 ശതമാനമായി ഉയർന്നു.

LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ മുഖേനയുള്ള മൈക്രോ എന്റർപ്രൈസസുകൾ വഴി ഇതുവരെ 76000 പേർക്ക് തൊഴിൽ നൽകി.

ആഗോള നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പ്രോജക്ടുകൾക്ക് ധൃതഗതിയിൽ അംഗീകാരം നൽകുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചു.

വിവരസാങ്കേതിക വിദ്യാ രംഗത്ത് വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇ-ഗവർണൻസ് സംവിധാനം വിപുലീകരിക്കുന്നതിനുമായി ഏകദ്ദേശം 150 കോടി രൂപ നീക്കിവച്ചു. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപനങ്ങളിൽ വിവര സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്ക് തുടക്കം കുറിച്ചു.

(സി, ഡി) വികസന കാര്യത്തിൽ പ്രതിപക്ഷ സഹകരണം ഉറപ്പാക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ആസൂത്രണ കമ്മീഷൻ പ്രസിദ്ധീകരിച്ച പത്താം പദ്ധതിയുടെ കരട് സമീപനരേഖ ചർച്ച ചെയ്യുന്നതിനും അതിലെ നിർദ്ദേശങ്ങളുടെ ഗുണദോഷ വശങ്ങൾ വിലയിരുത്തി ഉചിതമായ നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുമായി 2001 ആഗസ്റ്റിൽ ചേർന്ന യോഗത്തിൽ പ്രതിപക്ഷ കക്ഷികളുടെ നേതാക്കൾ പങ്കെടുക്കുകയും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

കൂടാതെ കേരളാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രതിപക്ഷവുമായി ചർച്ചകൾ നടത്തിയിരുന്നു. 2003 ജനുവരിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സംഗമത്തിന് പ്രതിപക്ഷത്തിന്റെ പിന്തുണ ലഭിച്ചിരുന്നു.

സർക്കാരിന്റെ ഇനിയുള്ള വികസന യത്നങ്ങളിലും പ്രതിപക്ഷത്തിന്റെ സഹകരണം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ, എഫ്) ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ നീക്കിവയ്ക്കുന്ന തുക മുഴുവൻ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്. അതനുസരിച്ച് 2001-2002, 2002-2003 വർഷങ്ങളിൽ സംസ്ഥാന പദ്ധതിയിനത്തിൽ നീക്കിവച്ച തുക, ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പുതുക്കിയ അടങ്കൽ, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർത്തിരിക്കുന്നു:

(കോടി രൂപ)

വർഷം	ബഡ്ജറ്റിൽ നീക്കിവച്ച അടങ്കൽ	ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പുതുക്കിയ അടങ്കൽ	ചെലവഴിച്ച തുക
2001-02	3015	2260	2531
2002-03	4026	3425	3430 (താൽക്കാലിക കണക്ക്)

(ജി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly